പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 2959

22-02-2016 ൽ മറുപടിക്ക്

ജൈവ വൈപ്പിൻ പദ്ധതി

ചോദ്യം

ശ്രീ.എസ്.ശർമ്മ

മറുപടി

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ജൈവ വൈപ്പിൻ പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ജൈവ വൈപ്പിൻ പദ്ധതി പ്രകാരം RIDF XX-ൽ ഉൾപ്പെടുത്തി 10 പദ്ധതികൾക്ക് 56.59 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ 9 പ്രവർത്തികൾക്ക് എഗ്രിമെന്റ് വച്ച് പണികൾ പുരോഗതിയിലാണ്. പത്താമത്തെ പദ്ധതി 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയും വരുന്നു. |
| (ബി) വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിരിക്കുന്ന തുക എത്രയെന്നും, നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | ((ബി) | 1. പുത്തൻപാടം-487.21 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>2. എടവനക്കാട് - 219.66 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>3. വലിയകടമക്കുടി - 196.68 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>4. അരങ്ങിൽ അയ്യംപിള്ളി-146.77 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>5. ചെറുകടമക്കുടി - 180.04 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>6. വെസ്റ്റ് നെടുങ്ങാട് - 239.69 ലക്ഷം രൂപ പണികൾ ആരംഭിച്ചു.<br>7. സെൻട്രൽ നെടുങ്ങാട് - 260.34 ലക്ഷം രൂപ പണികൾ ആരംഭിച്ചു.<br>8. ഈസ്റ്റ് നെടുങ്ങാട് - 107.91 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.<br>9. ചക്കരച്ചാൽ - 129.20 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്. |

| | | |
|---|---|---|
| | | 10. എറണാകുളം ജില്ലയിലെ ജൈവ വൈപ്പിൻ പ്രദേശത്തെ കനാലുകളുടെ പുനരുദ്ധാരണം - 3691.78 ലക്ഷം രൂപ 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 3 എണ്ണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | ചെമ്മീൻകെട്ട് നടക്കുന്നതിനാൽ സ്ലൂയിസ്, എഞ്ചിൻതറ എന്നിവയുടെ പണികൾ ഏപ്രിൽ 14 ന് ശേഷമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഉപ്പുവെള്ളത്തിന്റെ കാഠിന്യമുള്ളതിനാൽ മേസൻറി പണികൾ മൺസൂൺ സീസണിൽ മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | RIDF XX-ലെ പദ്ധതികൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 31-03-2018 വരെയാണ്. |

സെക്ഷൻ ഓഫീസർ